LIBRARY ARCHIVES Kerala Legislative Assembly

പൊളിറ്റിക്കൽ ഫണ്ട്

* ൪ ൫ വ്യ. (ചോ ൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ പൊളിറ്റിക്കൽ ഫണ്ടിൽ ആകെ എത്ര രൂപാ ഉണ്ടായിരുന്നു.

(ബി) ഫൻ ൫ ൦ അവസാനംവരെ എത്ര സംഖ്യ അതിൽനിന്നും ചിലവായി;

(സി) എന്തെല്ലാം ഇനത്തിലാണ് അതു ചിലവാക്കിയതു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പൊളിറ്റിക്കൽ ഫണ്ട് എന്ന ഒന്നു രൂപീകരിച്ചിട്ടില്ല. എന്നാൽ പൊളിറ്റിക്കലായിട്ടുള്ള ചിലവുകൾക്കുവേണ്ടി ൧, ൦൫, ൧ ൦ ൦ രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്

(ബി) ഫൻ ൫ ൦ അവസാനംവരെ ൨ ൭,൫ ൧ ൭ രൂപാ നുഅണ. ൫ പൈസാ ചിലവായിട്ടുണ്ട്.

(സി) പൊതുതാല്പര്യങ്ങളെ പരിഗണിച്ചു ഈ ചിലവിന്റെ വിശദവിവരങ്ങൾ പുറത്തുപറയാൻ നിവർത്തിയില്ല.

ശ്രീ. ഇട്ടിര അയ്യക്കൻ: ഏതെങ്കിലും പൊളിറ്റിക്കൽ പാർട്ടിക്ക് എന്തെങ്കിലും വേദനം ഈ തുകയിൽനിന്നും മാസംതോറും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ജഡ്ജിമാർ

* ൪ ൫൯. (ചോ ൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ ഹൈക്കോടതിയിൽ ആകെ എത്ര ജഡ്ജിമാരുണ്ട്; അവരുടെ പേരുകൾ എന്തു;

(ബി) പ്രസ്തുത കോടതിയുടെ ആരംഭത്തിൽ എത്ര ജഡ്ജിമാരുണ്ടായിരുന്നു;

(സി) കൂടുതൽ ജഡ്ജിമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആരുടെ എങ്കിലും പേരുകൾ നിർദ്ദേശിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ൧൧. അവരുടെ പേരുകൾ താഴെ പറയുന്നു.—

സി. കുഞ്ഞുരാമൻ	കെ. എസ്സ്. ഗോവിന്ദപിള്ള
കെ. ടി. കോശി	കെ. ഏ. ദാമോദരമേനോൻ
കെ. ശങ്കരൻ	പി. കെ. സുബ്രഹ്മണ്യയ്യർ

(ബി) വ്യ.

(സി) ഉണ്ട്.

(ഡി) ഈ സംഗതി വെളിപ്പെടുത്തുന്നതു പൊതുതാല്പര്യങ്ങൾക്ക് വിരോധമായിരിക്കും.

ആശുപത്രിയിലെ ആണറ്റി സന്ദർശകന്മാർ

* ൪ ൧൦. (ചോ ൧൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ. —

ഏതെല്ലാം ആശുപത്രികളിൽ ഓണററി സന്ദർശകന്മാരെ നിയമിച്ചിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ആകെ 28 ആശുപത്രികളിൽ ഓണററി സന്ദർശകരെ നിയമിച്ചിട്ടുണ്ട്. അതിന്റെ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഈ സന്ദർശകരുടെ ജോലി എന്താണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ആശുപത്രികളിലെ പ്രവർത്തനങ്ങളെപ്പറ്റി പരിശോധിക്കയും ഉപദേശിക്കയും മാത്രമാ ആശുപത്രികളുടെ നടത്തിപ്പിനെപ്പറ്റിയുമുള്ള അഭിപ്രായങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

ശ്രീ. സി. എ. പ്രസാദ്: ഈ ആശുപത്രികളിൽ പല മരുന്നുകളും ഇല്ലെന്നുള്ളത് അവർ രേഖപ്പെടുത്തിയിട്ടില്ലെ?

ശ്രീ. എ. ജെ. ജോൺ: ആ സംഗതിയെപ്പറ്റി വേണ്ട നടപടികളും നടത്തിവരികയാണ്.

Statement placed on the table in answer to the question No. 460

1. Maharaja's Hospital, Palluruthy.
2. Government Hospital, Cranganur.
3. Do. Chalakudy.
4. Do. Irinjalakuda.
5. Maternity Hospital, Trichur.
6. Government Hospital, Trichur.
7. Do. Chittur,
8. Do. Nemmara.
9. General Hospital, Ernakulam.
10. Government Hospital, Vadakkancheri.
11. Ophthalmic Hospital, Ernakulam.
12. Women's Hospital, Mattancheri.
13. Mental Hospital, Trichur.
14. Government Hospital, Kunnamkulam.
15. Government Dispensary, Narakkal.
16. Do. Anthikad.
17. Do. Kattur.
18. Do. Ayyampilly.
19. Do. Mulanthuruthy.
20. Do. Mala.
21. Do. Chowara.
22. Do. Kozhinjampara.
23. Do. Palayannur.
24. Do. Elenjipara.
25. Do. Nanniode.
26. Do. Pudukad.
27. Do. Trippunithura.
28. Do. Kandakadavu.

LIBRARY ARCHIVES Kerala Legislative Assembly